ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

നമ്പർ:LSGD/PD/55564/2023-DB5 തീയതി: 09-06-2024

# സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് ആസ്തികളുടെ വിവരങ്ങൾ സമയബന്ധിതമായി തയ്യാറാക്കുന്നത് സംബന്ധിച്ച്

സൂചന:
1. കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ൽ നടന്ന യോഗത്തിൽ എടുത്ത തീരുമാനം
2. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 06/06/2024 തിയ്യതിയിലെ 400/2024/എസ്.ആർ.ജി/ എൽ.എൽ.എസ്.ജി. ഡി/സി.സി നമ്പർ കത്ത്

മേൽ സൂചന (1).(2) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് ആസ്തികളുടെ വിവരങ്ങൾ R-Track ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കുന്ന പ്രക്രിയ 2024 ജൂൺ 15 നകം പൂർത്തീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്. സമയബന്ധിതമായും കാര്യക്ഷമമായും ഇതു പൂർത്തിയാക്കുന്നതിനായി താഴെ പറയുന്ന പ്രകാരം ഉള്ള സമയക്രമം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൃത്യമായും പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

1. ഗ്രാമ/ ജില്ലാ പഞ്ചായത്തുകളുടെ ആസ്തികളുടെ വിവരശേഖരണം (സർവ്വേ) ഗ്രാമ പഞ്ചായത്തിലെ AE/Overseer ചേർന്ന് **2024 ജൂൺ 11 നകം** പൂർത്തീകരിക്കണം.
2. സർവ്വേ കഴിഞ്ഞ മുഴുവൻ ആസ്തികളുടെ അസിസ്റ്റന്റ് എൻജിനീയർ ലെവൽ വേരിഫിക്കേഷൻ **2024 ജൂൺ 13 നകം** പൂർത്തീകരിക്കണം.
3. സർവ്വേ കഴിഞ്ഞ ആസ്തികളുടെ എന്നതിന്റെ 25% അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, **2024 ജൂൺ 15 നകം** വെരിഫിക്കേഷൻ നടത്തേണ്ടതാണ്. ജില്ലാ പഞ്ചായത്ത് റോഡുകൾ എല്ലാം തന്നെ സർവ്വേ നടത്തിയിട്ടുണ്ടെന്ന് AEE ഉറപ്പ് വരുത്തേണ്ടതാണ്.

4. എക്സിക്യൂട്ടീവ് എൻജിനീയർ, ജില്ലാ പഞ്ചായത്ത് റോഡുകളുടെ ലിസ്റ്റ് അതാത് ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് നൽകേണ്ടതും, ലിസ്റ്റിലുള്ള എല്ലാ റോഡുകളും സർവ്വേ ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

5. 2024 ജൂൺ 15 മുതൽ 20 നകം ആസ്തി രേഖകൾ പരിശോധിച്ച് തദ്ദേശ സ്ഥാപനത്തിന്റെ അംഗീകാരം നേടണം.

വിവര ശേഖരണം/ വേരിഫിക്കേഷൻ മേൽ സൂചിപ്പിച്ച സമയക്രമം പാലിച്ച് പൂർത്തീകരിക്കുന്നതിന് ആവശ്യമായ മനുഷ്യ വിഭവശേഷി ഉപയോഗിക്കുന്നതിനും, വാഹന സൗകര്യം ഒരുക്കാനും തദ്ദേശ

സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും വിഹിതം ഉപയോഗിക്കാവുന്നതാണ് എന്നും കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ നോഡൽ ഓഫീസർമാരും ജില്ലാ മേധാവികളും തങ്ങളുടെ കീഴിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് ആസ്തികളുടെ വിവരശേഖരണം, വെരിഫിക്കേഷൻ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും, ആയതിനു ആവശ്യമായ വാഹനസൗകര്യം, സ്റ്റാഫ് എന്നിവ അതാത് തദ്ദേശ സ്ഥാപനവുമായി ബന്ധപ്പെട്ട് ക്രമീകരിച്ചു നൽകേണ്ടതുമാണ്.

Signed by
Sandeep K G
Date: 09-06-2024 17:46:20

വിശ്വസ്തതയോടെ,
Sandeep K G
CHIEF ENGINEER